## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *454 — 06.02.2014 ന് മറുപടിക്ക്

### മലയാളം ഒന്നാം ഭാഷയാക്കുന്നതിൽ നിന്നും പിന്മാറാനുള്ള തീരുമാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.കെ.ടി.ജലീൽ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.രാജേഷ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് ജോലി നേടാൻ പത്താംതരം വരെയെങ്കിലും മലയാളം പഠിച്ചിരിക്കുകയോ, അല്ലെങ്കിൽ ഒരു യോഗ്യതാ പരീക്ഷ ജയിച്ചിരിക്കുയോ വേണമെന്ന പി.എസ്.സി. അംഗീകരിച്ച വ്യവസ്ഥ വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധമായ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഇല്ല. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള വ്യവസ്ഥ നിലനിറുത്തിക്കൊണ്ട്, പത്താം ക്ലാസ് വരെയോ പ്ലസ്-2/ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവീസിൽ പ്രവേശിച്ചാൽ എൻട്രി കേഡറിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മലയാളം മിഷന്റെ കീഴിലുള്ള ഭാഷാപഠനത്തിന്റെ ഭാഗമായ സീനിയർ ഹയർ ഡിപ്ലോമ പരീക്ഷയുടെ നിലവാരത്തിന് തുല്യമായ പരീക്ഷ വിജയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഉത്തരവ് 19.10.2013 സ.ഉ(കൈ)നം.29/13/ഉഭപവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള തീരുമാനത്തിൽ നിന്നും പിന്മാറാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പിന്മാറാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) | മലയാളം നിർബന്ധമാക്കാൻ എടുത്ത തീരുമാനം നടപ്പാക്കാതിരിക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നു ? | (സി) | മലയാളം നിർബന്ധമാക്കാൻ എടുത്ത തീരുമാനം നടപ്പാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ